LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ പ്രസ്സുകളുടെ നവീകരണം

91 (4032) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ പ്രസ്സുകളുടെ നവീകരണ പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇതിനുവേണ്ടി സർക്കാർ എത്ര കോടി രൂപ നീക്കിവച്ചിട്ടുണ്ട് ;

(സി) പ്രസ്സുകളുടെ നവീകരണം സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ആ പഠനസമിതിയുടെ വിശദാംശങ്ങളും സമിതി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ച തീയതിയും വെളിപ്പെടുത്താമോ ;

(ഇ) ഈ റിപ്പോർട്ട് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്തിട്ടുണ്ടോ ;

(എഫ്) പ്രസ്സുകളുടെ നവീകരണം വിപുലവും സംസ്ഥാനപരിധിയിൽ വരുന്ന വിഷയവുമെന്ന നിലയ്ക്ക് ജീവനക്കാരുടെ സംസ്ഥാന നേതൃത്വ നിലവാരത്തിലുള്ളവരുമായി മാത്രം ചർച്ച ചെയ്ത് തീരുമാനങ്ങളെടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2003-04 സാമ്പത്തിക വർഷങ്ങൾ പദ്ധതി ഇനത്തിൽ 119 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 21-7-1999-ൽ സമിതി റിപ്പോർട്ട് സമർപ്പിച്ചു. പ്രധാന ശുപാർശകളുടെ സംഗ്രഹം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) ചർച്ച ചെയ്തു വരുന്നു.

(എഫ്) ആവശ്യമായി വരുന്നപക്ഷം ചർച്ച നടത്തുന്നതാണ്.

അച്ചടി വകുപ്പിലേക്ക് വാങ്ങിയ യന്ത്ര സാമഗ്രികൾ

92 (4033) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷങ്ങളിലുമായി അച്ചടിവകുപ്പിൽ യന്ത്രസാമഗ്രികൾ വാങ്ങിയിട്ടുള്ളതിന്റെ വിശദാംശം വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ സാമ്പത്തിക വർഷത്തിലും പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിൽ എന്തു തുക വീതം ഇതിനായി അനുവദിച്ചു ;

(സി) ഇതിൽ എന്തു തുക വീതം ചെലവഴിച്ചു ;

(ഡി) യന്ത്ര സാമഗ്രികൾ അച്ചടിവകുപ്പിന് വേണ്ടി വാങ്ങിയത് ഏതെല്ലാം കേന്ദ്രങ്ങളിൽ ഇപ്പോൾ ഉപയോഗിക്കാതെ ഇരിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001-02 സാമ്പത്തിക വർഷം യന്ത്രങ്ങൾ ഒന്നും തന്നെ വാങ്ങിയിട്ടില്ല. 2002-03 സാമ്പത്തിക വർഷത്തിൽ എറണാകുളം ഗവൺമെന്റ് പ്രസ്സിനുവേണ്ടി സിംഗിൾ കളർ ഓഫ് സെറ്റ് അച്ചടിയന്ത്രം ഡി.റ്റി.പി.സിസ്റ്റം, പ്രിന്റിംഗ് ഡൗൺ ഫ്രേം മുതലായ യന്ത്രസാമഗ്രികൾ വാങ്ങിയിട്ടുണ്ട്.

(ബി) 2001-02 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഇനത്തിൽ ആദ്യം 1,13,00,000 രൂപ വക കൊള്ളിക്കുകയും തുടർന്ന് പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയപ്പോൾ ഇന്ന് 95 ലക്ഷം രൂപയായി കുറയുകയും ചെയ്തു. 2001-02 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ഇനത്തിൽ 16 ലക്ഷം രൂപ വക കൊള്ളിച്ചിരുന്നു. 2002-03 സാമ്പത്തികവർഷത്തിൽ പ്ലാൻ ഇനത്തിൽ ആദ്യം 30 ലക്ഷം രൂപ വകയിരുത്തുകയും പദ്ധതി വിഹിതത്തിലെ വെട്ടിക്കുറവിനെ തുടർന്ന് ഇത് 24 ലക്ഷം രൂപയായി കുറയുകയും ചെയ്തു. നോൺ പ്ലാൻ ഇനത്തിൽ 2002-03 സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപ വക കൊള്ളിച്ചിരുന്നു.

(സി) 2001-02 സാമ്പത്തികവർഷത്തിൽ പദ്ധതി ഇനത്തിൽ 23,24,000 രൂപയും നോൺ പ്ലാൻ ഇനത്തിൽ 64,000 രൂപയും ചെലവായിട്ടുണ്ട്. 2002-03 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഇനത്തിൽ 24,04,704 രൂപയും നോൺ പ്ലാൻ ഇനത്തിൽ 2,45,552 രൂപയും ചെലവായിട്ടുണ്ട്.

(ഡി) 2002-03 സാമ്പത്തിക വർഷത്തിൽ എറണാകുളം പ്രസ്സിന് വേണ്ടി വാങ്ങിയ യന്ത്രങ്ങൾ, പ്രസ്സിന് വേണ്ടി നിർമ്മിച്ച പുതിയ കെട്ടിടത്തിലേക്കായിരുന്നു. പുതിയ കെട്ടിടം ഉപയോഗക്ഷമമായി പൊതുമരാമത്ത് വകുപ്പിൽ നിന്നു ലഭിക്കാത്തതിനാൽ ഉപയോഗിക്കാതെയിരിക്കുകയാണ്.

അച്ചടി വകുപ്പിലെ ജീവനക്കാരുടെ അന്തർ ജില്ലാ സ്ഥലം മാറ്റം

93 (4034) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവർഗ്ഗക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പിലെ ജീവനക്കാർക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകുമ്പോൾ സീനിയോറിറ്റി നിശ്ചയിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി വന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ;

(സി) അത് നടപ്പിലാക്കിയോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly